യൂണിറ്റുകളിലേയ്ക്കുള്ള ഉപകരണങ്ങൾ, ട്രെയിനിംഗ് വിഭാഗങ്ങളിലേയ്ക്ക് ആവശ്യമായ സാധനസാമഗ്രികൾ, പോലീസ് ടെലികോം യൂണിറ്റിലേയ്ക്ക് ആവശ്യമായ വാർത്താവിനിമയ ഉപകരണങ്ങൾ, പോലീസ് വകുപ്പിലെ കംപ്യൂട്ടർവൽക്കരണത്തിനാവശ്യമായ ഉപകരണങ്ങൾ എന്നിവ കേന്ദ്ര ധനസഹായമുപയോഗിച്ച് പോലീസ് സേനയ്ക്കായി വാങ്ങിച്ച് ഉപയോഗിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന പോലീസ് സേനാ നവീകരണത്തിനായി 2001-02 വർഷത്തിൽ 31.12 കോടി രൂപയും 2002-03 വർഷത്തിൽ 31.50 കോടി രൂപയും കേന്ദ്രധനസഹായമായി ലഭിച്ചിട്ടുണ്ട്.

(സി) പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 23 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 1001 ലക്ഷം ചെലവഴിച്ചിട്ടുണ്ട്. 11-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിച്ച് 100 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ, വനിതാ പോലീസുകാർക്കായി 206 വിശ്രമമുറികൾ എന്നീ നിർമ്മാണ പ്രവർത്തനങ്ങളും ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് ആവശ്യമായ ഉപകരണങ്ങൾ എന്നിവയും വാങ്ങി ഉപയോഗിച്ചു വരുന്നു.

(ഡി) ഇതുസംബന്ധിച്ച് പഠനം നടത്തി വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പോലീസ് ഇൻസ്പെക്ടർ ജനറൽ (ഇന്റലിജൻസ്)നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ&എഫ്) പ്രസ്തുത സമ്മേളനത്തിന്റെ നടപടി കുറിപ്പ് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

ഹൈവേ പോലീസിന്റെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി

42 (1510) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൈവേ പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഹൈവേ പോലീസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ ;

(സി) ഹൈവേ പോലീസിലെ ചിലർ വാഹനങ്ങളെ അനധികൃതമായി തടഞ്ഞു നിർത്തി പണപ്പിരിവ് നടത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഹൈവേ പോലീസിന്റെ പ്രവർത്തനം കൂടുതൽ കുറ്റമറ്റതും, ജനോപകാരപ്രദവുമാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹൈവേ പോലീസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ* അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികളിന്മേൽ വകുപ്പ് തലത്തിൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഹൈവേ പോലീസിന്റെ പ്രവർത്തനം കൂടുതൽ കുറ്റമറ്റത് ആക്കുന്നതിലേയ്ക്ക് ഐ.ജി.പി., എ.പി. ബറ്റാലിയൻ, ആന്റ് ട്രാഫിക്കിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പോലീസിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി മുൻകൂട്ടി അറിയിപ്പ് നൽകാതെ ചെക്കിംഗ് നടത്തുകയും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

ഹൈവേ പോലീസ് പ്രവർത്തനങ്ങൾ

43 (1511) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈവേ പോലീസ് രൂപീകരിച്ചതെന്നാണ് ;

(ബി) ഈ വിഭാഗത്തിന്റെ കർത്തവ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ വിഭാഗത്തിൽ എത്ര ജീവനക്കാരുണ്ട് ;

(ഡി) അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര സഹായമെത്തിക്കുവാൻ ഈ വിഭാഗത്തിന് ചുമതലയുണ്ടോ ;

(ഇ) ഇതുവരെ അപകടങ്ങളിൽപ്പെട്ട എത്രപേരെ ഈ വിഭാഗം സഹായിച്ചിട്ടുണ്ട് ; ഈ വിഭാഗത്തിന് മൊബൈൽ ഫോൺ നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) 9-8-2002-ലെ പി.എച്ച്. സർക്കുലർ നം.9/02 പ്രകാരം സംസ്ഥാനത്ത് ഹൈവേ പോലീസ് രൂപീകരിച്ചു.

(ബി) ഹൈവേ പോലീസിന്റെ കർത്തവ്യങ്ങളെ സംബന്ധിച്ച വിവരം* അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.

(സി) ഈ വിഭാഗത്തിൽ 445 ജീവനക്കാരുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഹൈവേ പോലീസ് രൂപീകരിച്ചശേഷം നാളിതുവരെയായി അപകടത്തിൽപ്പെട്ട '934' പേരെ സഹായിച്ചിട്ടുണ്ട്. ഈ വിഭാഗത്തിന് മൊബൈൽ ഫോൺ നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly